# Deepika

## 10 August 2018

## Kochi, Relief Operation, Churches and Institutions Should be Given up

ദുരിതാശ്വാസപ്രവർത്തനം

### ദേവാലയങ്ങളും സ്ഥാപനങ്ങളും വിട്ടുനൽകണം: മാർ മനത്തോടത്ത്

**കൊച്ചി:** മഴക്കെടുതിയും വെള്ളപ്പൊക്കവും മൂലം ദുരിതമനുഭവിക്കുന്നവർക്ക് ആശ്വാസമാകാൻ ആവശ്യമുള്ളിടത്തു ദേവാലയങ്ങളും അനുബന്ധ സ്ഥാപനങ്ങളും തുറന്നുകൊടുക്കാൻ ശ്രദ്ധിക്കണമെന്ന് എറണാകുളം-അങ്കമാലി അതിരൂപത അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ ബിഷപ് മാർ ജേക്കബ് മനത്തോടത്ത് ആഹ്വാനം ചെയ്തു.

ദുരിതമനുഭവിക്കുന്നവർക്ക് ആവശ്യമായ സഹായങ്ങൾ ലഭ്യമാക്കുന്നതിനു വിശ്വാസി സമൂഹം പരിശ്രമിക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ തുടർച്ചയായ കനത്ത മഴയും ഉരുൾപ്പൊട്ടലും മൂലം അസാധാരണമായ ദുരന്ത സാഹചര്യമാണുള്ളത്. വിവിധ ഡാമുകൾ തുറന്നതിനാൽ പെരിയാറിന്റെയും മറ്റു നദികളുടെയും തീരങ്ങളിലുള്ളവർ ആശങ്കയിലാണ്. ജനജീവിതത്തിനും കൃഷികൾക്കും മഴക്കെടുതി നാശം വിതയ്ക്കുന്നുണ്ട്.

മഴക്കെടുതിയിൽ ജീവൻ നഷ്ടമായവരുടെ കുടുംബങ്ങൾക്കായി പ്രാർഥിക്കുന്നു. മഴക്കെടുതി നേരിടുന്നതിനു സർക്കാരിന്റെ മുന്നറിയിപ്പുകളും ജാഗ്രതാ നിർദേശങ്ങളും പാലിക്കാനും രക്ഷാപ്രവർത്തനങ്ങളുമായി പൂർണമായി സഹകരിക്കാനും ഏവരും ശ്രദ്ധിക്കണം. ദുരിതമനുഭവിക്കുന്നവർക്ക് ഭക്ഷ്യവസ്തുക്കൾ ഉൾപ്പെടെ ആവശ്യമായ സഹായങ്ങളെത്തിക്കാൻ ഇടവകകളും സ്ഥാപനങ്ങളും വിശ്വാസിസമൂഹവും സന്നദ്ധരായി മുന്നിട്ടിറങ്ങണം. അതിരൂപതയുടെ സാമൂഹ്യപ്രവർത്തന വിഭാഗമായ സഹൃദയയും മറ്റു പ്രസ്ഥാനങ്ങളും ഇടവകകളും ഇതിനകം ദുരിത മേഖലകളിൽ സഹായങ്ങളെത്തിച്ചിട്ടുണ്ട്.

ഇത്തരം പ്രവർത്തനങ്ങൾ ഇനിയും തുടരണം. ദുരിതങ്ങൾ അഭിമുഖീകരിക്കുന്നവരുടെ ആശ്വാസത്തിനും രക്ഷാപ്രവർത്തനങ്ങളുടെ സുഗമമായ നടത്തിപ്പിനുമായി പ്രാർഥിക്കണമെന്നും ബിഷപ് മാർ മനത്തോടത്ത് ഓർമിപ്പിച്ചു.